**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1670** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>പ്രിയദർശിനി സൗജന്യയാത്രാ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** കെ.എസ്.ആർ.ടി.സി.യിൽ പ്രിയദർശിനി സൗജന്യയാത്രാ പദ്ധതി പ്രകാരം ടിക്കറ്റ് നൽകിയ വകയിൽ സർക്കാരിൽ നിന്ന് എത്ര രൂപ ലഭിക്കാനുണ്ടെന്നും ഇതുവരെ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

**<u>മറുപടി:</u>** കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസുകളിൽ പ്രിയദർശിനി പദ്ധതി നടപ്പിലാക്കുന്നതുവഴി ഓരോ മാസവും കെ.എസ്.ആർ.ടി.സി.യ്ക്കുണ്ടാകുന്ന വരുമാനക്കുറവ് കെ.എസ്.ആർ.ടി.സി സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത തുക കെ.എസ്.ആർ.ടി.സി.ക്ക്. അനുവദിക്കുകയാണ് ചെയ്യുന്നത്. ടി ഇനത്തിൽ ഇതുവരെ സംസ്ഥാന സർക്കാർ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കാലയളവ് | തുക |
|---|---|---|
| 1 | 2026 ജൂൺ 15-30 | 41,50,58,555/- |
| 2 | 2026 ജൂലൈ 1-15 | 42,86,68,750/- |
| 3 | 2026 ജൂലൈ 16-31 | 46,48,88,473/- |
| 4 | 2026 ആഗസ്റ്റ് 1-31 | 79,53,40,207/- |
| ആകെ | | **210,39,55,985/-** |

2026 സെപ്റ്റംബർ മാസം പ്രിയദർശിനി പദ്ധതി നടപ്പിലാക്കിയതു വഴി കെ.എസ്.ആർ.ടി.സി.യ്ക്കുണ്ടായ വരുമാനക്കുറവായ 88,23,55,492/- രൂപ അനുവദിക്കുന്നതിന് കെ.എസ്.ആർ.ടി.സി സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**(ബി)** പ്രസ്തുത പദ്ധതി പ്രകാരം നൽകുന്ന തുക ഏത് ഏജൻസി മുഖേനയാണ് നൽകുന്നതെന്നും അതിന് കെ.എസ്.ആർ.ടി.സി. യിൽ നിന്ന് പലിശ ഈടാക്കുന്നുണ്ടോ എന്നും അറിയിക്കാമോ; പലിശ ഈടാക്കുന്നുണ്ടെങ്കിൽ നാളിതുവരെ പലിശയിനത്തിൽ കെ.എസ്.ആർ.ടി.സി. എത്ര തുക നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** പ്രിയദർശിനി പദ്ധതി പ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിക്കുന്ന തുക സർക്കാർ IBDS മുഖേനയാണ് നൽകിവരുന്നത്. നിലവിൽ 9% വാർഷിക പലിശ ഇനത്തിൽ കേരള ഫിനാൻഷ്യൽ

കോർപ്പറേഷനാണ് തുക റിലീസ് ചെയ്ത് നൽകുന്നത്. പലിശ ഇനത്തിലെ തുക (6 മാസക്കാലയളവിലെ) ഡിസ്ക്കൗണ്ട് ചെയ്തതിനുശേഷം കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കെ.എസ്.ആർ.ടി.സി.യ്ക്ക് തുക റിലീസ് ചെയ്ത് നൽകുന്നത്. ടി ഇനത്തിൽ സർക്കാർ കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച തുകയിൽ നിന്നും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ഡിസ്ക്കൗണ്ട് ചെയ്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കാലയളവ് | ഡിസ്ക്കൗണ്ട് ഇനത്തിൽ ഈടാക്കിയ തുക |
|---|---|---|
| 1 | 2026 ജൂൺ 15-30 | 1,71,83,424/- |
| 2 | 2026 ജൂലൈ 1-15 | 1,86,47,091/- |
| 3 | 2026 ജൂലൈ 16-31 | 1,87,03,858/- |
| 4 | 2026 ആഗസ്റ്റ് 1-31 | 3,19,98,923/- |
| **ആകെ** | | **8,65,33,296/-** |

ടി തുക 6 മാസത്തിനുശേഷം സർക്കാർ, കേരള ഫിനാൻഷ്യൽ കോർപ്പറേഷന് തിരികെ നൽകുന്ന മുറയ്ക്ക് പലിശയിനത്തിൽ ഡിസ്ക്കൗണ്ട് ചെയ്ത തുകയുടെ 50% തുക കെ.എസ്.ആർ.ടി.സി.യ്ക്ക് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ അനുവദിച്ച് നൽകുന്നതാണ്.

**സെക്ഷൻ ഓഫീസർ**